# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2475 08.03.2017- ൽ മറുപടിക്ക്**

**കൈത്തറി മേഖലയിലെ തൊഴിലാളി ക്ഷാമം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ.എ.സി.മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കൈത്തറി മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് മുൻകാലങ്ങളിലെ പോലെ സ്റ്റൈപ്പന്റ് നൽകി തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) കൈത്തറി മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി പരിശീലനവും വൈദഗ്ധ്യവും വികസന പരിപാടി നടപ്പാക്കുന്നുണ്ട്. അതിനായി നടപ്പ് സാമ്പത്തിക വർഷം 70 ലക്ഷം രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ താഴെ പറയുന്ന പരിശീലന പരിപാടികൾ സ്റ്റൈപ്പന്റ് കൊടുത്ത് നടത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. സംഘങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് നിശ്ചിത കേന്ദ്രങ്ങളിൽ വെച്ച് പരിശീലനം നടത്തുന്നതാണ്.<br>1) ടൈ & ഡൈ ട്രെയിനിംഗ് പദ്ധതി.<br>2) എസ്.പി.എസ് സോളിഡ് ബോർഡർ/ മൾട്ടിബൂട്ടാ ഡിസൈൻ/ജെക്കാർഡ് എന്നിവ തറികളിൽ ഉപയോഗിച്ചുള്ള നെയ്ത്ത് പരിശീലനം.<br>3) പ്രകൃതിദത്ത ചായങ്ങൾ ഉപയോഗിച്ച് ഡൈ ചെയ്യുന്നതിനുള്ള പരിശീലനം.<br>4) ബ്ലോക്ക് പ്രിന്റിംഗ്/സ്ക്രീൻ പ്രിന്റിംഗ്, ബാത്തിക്ക് പ്രിന്റിംഗ് എന്നിവയിലുള്ള പരിശീലനം.<br>5) കൈത്തറി വസ്ത്രത്തിൽ മൂല്യവർദ്ധനവിനു വേണ്ടിയുള്ള സർഫസ് ഓർഗനൈസേഷൻ പരിശീലന പരിപാടി.<br>6) പുതിയ നെയ്ത്തുകാർക്കുള്ള പരിശീലനം.<br>7) ഹാന്റക്സ്/ഹാൻവീവ് എന്നീ സ്ഥാപനങ്ങളിലെ സ്റ്റാഫിനുള്ള പരിശീലന പരിപാടി. |
| (ബി) പരിശീലന കേന്ദ്രങ്ങൾ നടത്തുന്നതിന് താല്പര്യമുള്ളതും ഭൗതിക സാഹചര്യങ്ങൾ നിലവിലുള്ളതുമായ കൈത്തറി സംഘങ്ങൾക്ക് അനുവാദം നല്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) പരിശീനത്തിന്റെ സ്വഭാവമനുസരിച്ച് നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി പരിശീലനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ